**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4793** **02-07-2024 - ൽ മറുപടിയ്ക്ക്**

**വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | യുവജന കമ്മീഷൻ നടത്തുന്ന വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖാന്തിരം നടപ്പാക്കുന്ന ഒരു പ്രധാന പദ്ധതിയാണ് വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അഥവാ ജോബ് ഫെസ്റ്റുകൾ.<br><br>കമ്മീഷന്റെ ചുമതലകളുടെ നിർവഹണത്തിന്റെ ഭാഗമായി തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും കണ്ടെത്തുന്നതിനായി എല്ലാ വർഷവും ജോബ് ഫെസ്റ്റുകൾ സംഘടിപ്പിക്കാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 4 ജില്ലകളിലാണ് ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചത്. ഇത് വഴി 855 ഉദ്യോഗാർഥികൾക്ക് വിവിധ സ്ഥാപനങ്ങളിലായി തൊഴിൽ ലഭ്യമാക്കാനായി. നടപ്പ് സാമ്പത്തിക വർഷം 5 ഇടങ്ങളിൽ ജോബ് ഫെസ്റ്റുകൾ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഈ പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ നിരവധി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | യുവജനങ്ങളുടെ നേതൃത്വപരമായ കഴിവുകൾ വളർത്തിയെടുക്കാനും യുവ വിദ്യാർത്ഥികളുടെയും പ്രൊഫഷണലുകളുടെയും കഴിവുകൾ പ്രയോജനപ്പെടുത്താനും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (ബി) | യുവജനങ്ങളുടെ നേതൃത്വപരമായ കഴിവുകൾ വളർത്തിയെടുക്കാനും യുവ വിദ്യാർത്ഥികളുടെയും പ്രൊഫഷണലുകളുടെയും കഴിവുകൾ പ്രയോജനപ്പെടുത്താനും ലക്ഷ്യമിട്ടുകൊണ്ട് കമ്മീഷൻ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ പറയുന്നവയാണ്:<br><br>1.ജോബ് ഫെസ്റ്റുകൾ<br><br>2.ദേശീയ സെമിനാർ<br><br>3.ഇ.എം.എസ് മെമ്മോറിയൽ ഇന്റർയൂണിവേഴ്സിറ്റി പ്രസംഗ മത്സരവും യുവജനദിന പരിപാടികളും |

| | | | |
|---|---|---|---|
| | | | 4. യുവകർഷക സംഗമം<br><br>കായിക യുവജന കാര്യാലയം കേരള യൂത്ത് ലീഡർഷിപ്പ് അക്കാഡമിയുമായി സഹകരിച്ച് യങ് കേരള ഇന്റേൺഷിപ്പ് പരിപാടി നടപ്പിലാക്കി വരുന്നു. |
| (സി) | കേരളത്തിലെ യുവാക്കൾക്ക് കായികക്ഷമതയും ആരോഗ്യവും കൈവരിക്കുന്നതിനായി വകുപ്പിന്റെ കീഴിൽ കായികക്ഷമതാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ ക്യാമ്പ്, ആയോധനകല പരിശീലനം എന്ന പദ്ധതിയിലൂടെ യുവജനങ്ങൾക്കായി കേരള സംസ്ഥാന യുവജന കമ്മീഷൻ മാർഷ്യൽ ആർട്സ് പരിശീലനം നൽകുന്ന പദ്ധതി ആവഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കമ്മീഷനും കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലുമായി ചേർന്ന് കഴിഞ്ഞ സാമ്പത്തിക വർഷം യുവതികൾക്കായി 4 മാസത്തെ സൗജന്യ കരാട്ടെ പരിശീലനം 2023 ഡിസംബർ 20 മുതൽ സംഘടിപ്പിക്കുകയും വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കായികക്ഷമതാ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നഴ്സറി സ്കൂൾതലം മുതൽ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ ശാരീരമായി സജീവമായ ജീവിതം നയിക്കുന്നതിന്റെ നേട്ടങ്ങൾ പ്രോത്സാഹിപ്പിക്കാനാണ് കായികക്ഷമതാ മിഷൻ ലക്ഷ്യമിടുന്നത്. സർക്കാരിന്റെ വിവിധ വകുപ്പുകളുമായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ശാരീരികക്ഷമത മെച്ചപ്പെടുന്നതിനും ശാരീരിക സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും രണ്ടാം ഘട്ടം വിഭാവനം ചെയ്യുന്നു. |
| (ഡി) | വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായ ജോബ് ഫെസ്റ്റ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കമ്മീഷന്റെ ചുമതലകളുടെ നിർവഹണത്തിന്റെ ഭാഗമായി തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും കണ്ടെത്തുന്നതിനായി എല്ലാ വർഷവും ജോബ് ഫെസ്റ്റുകൾ സംഘടിപ്പിക്കാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 4 ജില്ലകളിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചത് വഴി 855 ഉദ്യോഗാർഥികൾക്ക് വിവിധ സ്ഥാപനങ്ങളിലായി തൊഴിൽ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി ഈ വർഷവും 5 ഇടങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ